**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉദ്യോഗാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാൻ അസാപ് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനായി എഞ്ചിനീയറിംഗ് ഡിപ്ലോമയും ഡിഗ്രിയും ഉള്ളവരുൾപ്പെടെയുള്ള ഉദ്യോഗാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിന് അസാപ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക വഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അത് വഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള). സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. |
| (ബി) | തൊഴിൽ മേഖലകളിലെ ആവശ്യകതയ്ക്കനുസരിച്ച് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് ഇൻഡസ്ട്രി ഓൺ കാമ്പസ് പരിപാടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. തൊഴിൽ ദാതാക്കളായ വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | തൊഴിൽ പരിശീലനത്തിന്റെ മികവ് കണക്കിലെടുത്ത് അസാപിന് അസെസ്മെന്റ് ഏജൻസിയായും അവാർഡിംഗ് ഏജൻസിയായും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ മികവ് കണക്കിലെടുത്ത് അസാപ്പിന് അവാർഡിങ് ബോഡിയായും (AB) അസ്സെസ്സ്മെന്റ് ഏജൻസിയായും (AA) പ്രവർത്തിക്കാനുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിങ് - NCVET യുടെ ഡ്യൂവൽ റെക്കഗ്നിഷൻ അഥവാ ഇരട്ട അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ